കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരുനാവായ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

നം.കെ.എസ്.എ.എം.പി.എം 17/226/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി 21-05-2020

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുനാവായ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തിരുനാവായ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുനാവായ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എൽ. 5/2020

നം. കെ.എസ്.എ.എം.പി.എം 17/226/2020 തിയ്യതി: 21-05-2020

## മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.01.2019 മുതൽ 05.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ

ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ആർ.അജിത്,<br>ഡെപ്യൂട്ടി ഡയറക്ടർ. |

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06.01.2020 മുതൽ 17.01.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.പ്രസാദ്.പി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.അബ്ദുൾ റഷീദ്.എം.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.അബ്ദുൾ അലി കുന്നൻ | ഓഡിറ്റർ |

നിർവഹണാധികാരികൾ

.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ഫൈസൽ എടശ്ശേരി | 01.04.2018 മുതൽ – 31.03.2019 വരെ |
| വൈസ് പ്രസിഡണ്ട് | ആനി ഗോഡ് ലിഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ഷീല.യു, | 01.04.2018 മുതൽ – 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ജയ വി.എൻ | 01.04.2018 മുതൽ 01.07.2018 വരെ |
| അസി.എഞ്ചിനീയർ, | നിഖിൽ രാജ് | 02.07.2018 മുതൽ 31.01.2019 വരെ |
| അസി.എഞ്ചിനീയർ, | ജുമൈലത്ത് | 01.02.2019 മുതൽ 17.03.2019 വരെ |
| അസി.എഞ്ചിനീയർ | റഷീദ്.ഇ | 18.03.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഒാഫീസർ | ഡോ.അനിൽ പിഷാരടി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സൂര്യനാരായണൻ | 01.04.2018 മുതൽ 25.06.2018 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സംഗീത എസ് ഗിരീഷ് | 26.06.2018 മുതൽ 31.03.2019 വരെ |
| കൃഷി ഒാഫീസർ | ബീന | 01.04.18 മുതൽ 31.07.18 വരെ |
| കൃഷി ഒാഫീസർ | അഞ്ജു.കെ.കെ. | 01.08.18 മുതൽ 18.11.18 വരെ |
| കൃഷി ഒാഫീസർ | ഫർസാന ഷാമിൻ.പി | 19.11.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സെക്കീന കുന്നത്ത് | 01.04.2018 മുതൽ 11.07.2018 വരെ |
| ഒഴിവ് | | 12.07.2018 മുതൽ 03.08.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | രശ്മി .എം.ടി | 04.08.2018 മുതൽ 31.03.2019 വരെ |
| എൽവി.ഇ.ഒ | സൗമ്യ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, | ബാബുമോൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്സ് | ഷൈലജ ബിന്ദു.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ജയശ്രീ.ബി | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | എൽ.വി.ഇ.ഒ. നടത്തിയ പദ്ധതിയിലെ അപാകതകൾ | 1-13 |
| 14 | ക്ഷേമ പെൻഷൻ – മരണ ശേഷവും വിതരണം ചെയ്തു. | 1-14 |
| 15 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്-അപാകത-അധികം നല്കിയത് 72576/-രൂപ. | 1-15 |
| 16 | സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നല്കി-അധികം നല്കിയത് 5498/-രൂപ | 1-16 |
| 17 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല-നഷ്ടം 33802/-രൂപ | 1-17 |
| 18 | കൈത്തക്കര കമ്മാനം തോട് ശാക്തീകരണം-അപാകത. | 1-18 |
| 19 | ട്രെയിനർക്ക് ഫോൺ അലവൻസ് നല്കിയ 5700/-രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി | 1-19 |
| 20 | പാലിയേറ്റീവ് വാഹനം വാടകക്കെടുത്തതും വാടക നല്കിയതും അപാകതകൾ | 1-20 |
| 21 | മുൻകൂർ നല്കിയ തുകയ്ക്ക് മരുന്ന് ലഭ്യമായില്ല-130733/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 1-21 |
| 22 | കുടുംബാരോഗ്യ കേന്ദ്രത്തിൽ സ്ഥാപിച്ച ജനറേറ്റർ പ്രവർത്തനസജ്ജമല്ല-385270/-രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 23 | പ്രീ മൺസൂൺ ക്ലീനിംഗ്-വിനിയോഗ വിവരം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-23 |
| 24 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന രശീതി ഹാജരാക്കേണ്ടതാണ്. | 1-24 |
| 25 | ഇൻവോയ്സ് പ്രകാരമുള്ള ഭക്ഷ്യധാന്യം ലഭ്യമായില്ല- 2419 രൂപ തിരിച്ചടവാക്കേണ്ടതാണ്. | 1-25 |
| 26 | അംഗനവാടിക്ക് കുഴൽകിണർ-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 27 | തുടർവിദ്യാ കേന്ദ്രം വൈദ്യുതീകരണം വിവരം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 28 | പ്ലാസ്റ്റിക് റീസൈക്ക്ളിംഗ് യൂണിറ്റ് വൈദ്യുതീകരണം - വൈദ്യുതി കണക്ഷൻ | 1-28 |

| | | |
|---|---|---|
| | ലഭ്യമാക്കാത്തതിനാൽ പ്രവർത്തനം നടക്കുന്നില്ല | |
| 29 | സി.സി.ടി.വി സ്ഥാപിക്കൽ- സംവിധാനം പ്രവർത്തിപ്പിക്കുന്നില്ല | 1-29 |
| ഭാഗം II വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ<br>ഇല്ല | | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 30 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്-അപാകത-അധികം നല്കിയത് 72576/-രൂപ | 3-1 |
| 31 | സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നല്കി-അധികം നല്കിയത് 5498/-രൂപ | 3-2 |
| 32 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല-നഷ്ടം 33802/-രൂപ | 3-3 |
| 33 | സാമൂഹ്യ സുരക്ഷാ പെൻഷൻ – മരണ ശേഷവും വിതരണം നടത്തി – നൽകിയ തുക 1,53,900/- | 3-4 |
| 34 | ഇൻവോയ്സ് പ്രകാരമുള്ള ഭക്ഷ്യധാന്യം ലഭ്യമായില്ല- 2419 രൂപ തിരിച്ചടവാക്കേണ്ടതാണ്. | 3-5 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 35 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 39 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 43 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 60 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 61 | വാർഷിക കണക്ക് സംക്ഷിപ്തം – പകർപ്പ് | അനുബന്ധം 2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| | |
|---|---|
| 2018-19 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | 3(1) തിയ്യതി 20.03.2018 |
| പുതുക്കിയ ബജറ്റ് തീരുമാന നം./തിയ്യതി | 3(1) തിയ്യതി 08.02.2019 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31-07-2019 | 17.05.19 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | വാർഷിക ധനകാര്യപത്രിക പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ തിയതി |
|---|---|---|
| 2018-19 | 08.08.2019 മുതൽ 09.08.2019 വരെ | കെ.എസ്.എ എം.പി.എം17/1905/2019 തിയതി 24.08.19 |

## 1-4 ധനകാര്യവിശകലനം.

ധനകാര്യപത്രിക (AFS പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | വർഷം |
|---|---|
| മുന്നിരിപ്പ് | 2,50,17,525 |
| വരവ് | 9,13,93,309 |
| ആകെ | 11,64,10,834 |
| ചെലവ് | 9,41,24,003 |
| നീക്കിയിരിപ്പ് | 2,22,86,831 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22112713 | 22112713 | 19112133 | 3000580 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5411000 | 5411000 | 5163060 | 247940 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 422000 | 422000 | 0 | 422000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5650000 | 5650000 | 5650000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4682000 | 4682000 | 3599345 | 1082655 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10266000 | 10266000 | 6690906 | 3575094 |
| കെ.എൽ.എസ്.ജി.ഡി.പി. | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 356 | 00 | 356 | 00 | 356 |
| ദുരിതാശ്വാസ നിധി | 0 | 0 | 0 | 0 | 0 |
| എസ്.ജി.എസ്.വൈ | 7724 | 207 | 7931 | 0 | 7931 |
| ടി.എസ്.സി. | 1720312 | 92267 | 1812579 | 22282 | 1790297 |
| ഐ.സി.ഡി.എസ്. | 955533 | 448325 | 1403858 | 1105500 | 298358 |
| എസ്.എസ്.എ. | 48779 | 1979 | 50578 | 0 | 50578 |
| നബാർഡ് | 0 | 556000 | 556000 | 532554 | 23446 |
| ശുചിത്വ മിഷൻ | 22282 | 1023000 | 1045282 | 230000 | 815282 |
| കേരളോത്സവം | 13500 | 20000 | 33500 | 0 | 33500 |
| മറ്റു ഗ്രാന്റുകൾ (വിമുക്തി) | 37500 | 25000 | 62500 | 0 | 62500 |
| ബി ഫണ്ട് | 0 | 57019590 | 57019590 | 57019590 | 0 |
| എൻ.ആർ.ഇ.ജി.എസ് | 3284 | 10267305 | 10270589 | 10267314 | 3275 |
| ബ്ലോക്ക് | 750000 | 1167500 | 1967500 | 1167500 | 75000 |
| ജില്ലാ പഞ്ചായത്ത് | 0 | 3016400 | 3016400 | 3007800 | 8600 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 282 | 148858996 | 184 | 71897477 | 88 | 10 | 65 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3284 | 272631 | 275915 | 272640 | 3275 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9994674 | 9994674 | 9994674 | 0 |
| ആകെ | 3284 | 10267305 | 10270589 | 10207314 | 3275 |

# 1-8 ക്ഷേമപദ്ധതികൾ. 2018-19

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 28560 | 14 |
| കർഷക തൊഴിലാളി വേതനം | 1298000 | 111 |
| വിധവാ പെൻഷൻ | 18828200 | 1508 |
| വാർദ്ധക്യകാല പെൻഷൻ | 29305900 | 2375 |
| വികലാംഗ പെൻഷൻ | 5731800 | 467 |
| വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സിനു മുകളിൽ.....സഹായം | 448800 | 37 |
| നെൽകൃഷി ഉത്പാദന ബോണസ് | 78500 | 146 |

# 1-9 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2020നു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി 21841 /-രൂപയുടെ നീക്കിയിരിപ്പ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1. എൽ.വി.ഇ.ഒ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പരിശോധനയിൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ അപൂർണ്ണമാണ്.
2. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കുവേണ്ടി ഡ്രൈവറുടെ നിയമനം മാർഗ്ഗരേഖപ്രകാരമല്ല.

3. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധനയിൽ രജിസ്റ്ററിൽ വരവ് ചെലവുകളുടെ സംക്ഷിപ്തം എഴുതിയതായി കാണുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.12.2019 | 2019 നവംബർ | 23.12.2019 |
| എ.ജി ഓഡിറ്റ് | ലഭ്യമല്ല | 1997-98 മുതൽ 2009-10 വരെ | 16-08-2013 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

1. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

2. സ്റ്റോക്ക് -സ്റ്റോർ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3. ബാലൻസ് ഷീറ്റിലെ B-12 ൽ 20000 രൂപ ഇൻവെസ്റ്റ്മെന്റിനത്തിൽ തെറ്റായി ഉൾപ്പെടുത്തി. ഈ തുകയിനത്തിൽ നിക്ഷേപമില്ല.

4. തൊഴിൽ നികുതി (ട്രേഡേഴ്സ്) കുടിശ്ശികയിനത്തിൽ 23190 രൂപയും കളക്ഷൻ 23190 രൂപയും ഉണ്ട്. എന്നാൽ 2017-18വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം ഈയിനത്തിൽ കുടിശ്ശികയില്ല.

5. തൊഴിൽ നികുതി (ട്രേഡേഴ്സ്) മുൻകൂറിനത്തിൽ വാർഷിക കണക്ക് പ്രകാരം (RP-36) 214840 രൂപയാണ്. എന്നാൽ ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം 261540 രൂപ. വ്യത്യാസം 46700 രൂപ.

6. 2017-18വാർഷിക കണക്ക് പ്രകാരം വാടക കുടിശ്ശിക 593532 രൂപ. വാടക രജിസ്റ്റർ പ്രകാരം കുടിശ്ശിക ഡിമാന്റ് 532308 രൂപ. വ്യത്യാസം 61224 രൂപ.

7. വാർഷിക കണക്ക് പ്രകാരം വാടക ഡിമാന്റ് 1306440 രൂപ . വാടക രജിസ്റ്റർ പ്രകാരം ഡിമാന്റ് 1218141 രൂപ. വ്യത്യാസം 88299 രൂപ.

8. വസ്തു നികുതി 17-18വാർഷിക കണക്ക് പ്രകാരമുള്ള കുടിശ്ശികയില്ല. എന്നാൽ 18-19 സഞ്ചയ പത്രിക പ്രകാരം കുടിശ്ശിക ഡിമാന്റ് (43777) കുടിശ്ശിക കളക്ഷൻ എന്നിവയിൽ തുകയുണ്ട്.

9. പഴയ ആസ്തികൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

10. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

11. മുൻ വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-13 എൽ. വി.ഇ.ഒ നടത്തിയ പദ്ധതികളിലെ പൊതു അപാകതകൾ

1 എൽ.വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ പൂർണ്ണവിവരം രേഖപ്പെടുത്തുന്നില്ല.

2. എൽ.വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 62 ലൈഫ് പി.എം.എ.വൈ (എസ്.സി)യിൽ ഉൾപ്പെട്ട ശ്രീമതി. രജിത, മങ്ങംതടംപറമ്പിൽ എന്ന ഗുണഭോക്താവിന്റെ പേര് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (നം.9) എൽ.വി.ഇ.ഒ 16.01.2020 തീയതിയായി തന്ന മറുപടിയിൽ ലൈഫ് പി.എം.എ.വൈ (എസ്.സി)യിൽ ഉൾപ്പെടേണ്ട മേൽ ഗുണഭോക്താവ് ക്ലറിക്കൽ മിസ്റ്റേക്ക് കൊണ്ട് ലൈഫ് പി.എം.എ.വൈ (ജനറൽ) വിഭാഗത്തിൽ ആണ് ഉൾപ്പെട്ടത് എന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അർഹതാ പരിശോധന സമയത്ത് അപാകത കണ്ടെത്തുകയും ടി ഗുണഭോക്താവിനെ പ്രോജക്റ്റ് 62ൽ ഉൾപ്പെടുത്തുകയും ചെയ്തതെന്ന് വി.ഇ.ഒ അറിയിക്കുകയുണ്ടായി. മേൽ ഗുണഭോക്താവിന്റെ പേര് തന്നിരിക്കുന്ന ജനറൽ ലിസ്റ്റിൽ കാണുകയുണ്ടായി. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോഴും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോഴും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

3. വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് നം. 292(സ്പിൽ ഓവർ) നിർമ്മലം നിളയോരം പദ്ധതിയിൽ ആകെ വാങ്ങിയ 20000/- ബാഗിൽ 10574/- ബാഗ് ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ 9426 ബാഗ് അവശേഷിക്കുന്നുണ്ട്. പട്ടർനടക്കാവ് എന്ന സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് പൂർണ്ണതോതിൽ പ്രവർത്തനം നടത്താൻ പറ്റാത്ത സാഹചര്യമാണുള്ളതെന്നും മാലിന്യം ശേഖരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 9426 ബാഗ് വിതരണം ചെയ്യാതെ സ്റ്റോക്കിൽ അവശേഷിച്ചതെന്നും വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്. മാലിന്യം നിക്ഷേപിച്ച് സംസ്കരിക്കാൻ സ്ഥലം കണ്ടെത്താൻ ശ്രമം നടക്കുകയാണെന്നും സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് അവശേഷിച്ച 9426 ബാഗ് വിതരണം ചെയ്യുമെന്നും വി.ഇ.ഒയും പഞ്ചായത്ത് ഭരണ സമിതിയും അറിയിക്കുയുണ്ടായി. അവശേഷിക്കുന്ന ബാഗ് വിതരണം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ക്ഷേമ പെൻഷൻ -മരണ ശേഷവും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു-153900/-രൂപയുടെ നഷ്ടം

തിരുന്നാവായ ഗ്രാമപഞ്ചായത്ത് മുഖേന ക്ഷേമ പെൻഷൻ വിതരണം നടത്തുന്ന 13 പെൻഷൻ ഗുണഭോക്താക്കൾക്ക് ടിയാളുകളുടെ മരണശേഷവും പെൻഷൻ തുക വിതരണം ചെയ്തത് മൂലം 153900 രൂപ നഷ്ടം. (ഖണ്ഡിക 3-4 കാണുക)

## 1-15 SC വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് -അപാകത - അധികം നൽകിയത് 72576 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

പ്രോജക്റ്റ് നം - S0128/19

ചെലവ് - 594720

എസ്. സി. വിദ്യാർത്ഥികൾക്ക് വേണ്ടി ലാപ്പ്ടോപ്പിന് ടെണ്ടർ ക്ഷണിച്ചതിൽ 2 ടെണ്ടറുകളാണ് സമർപ്പിച്ചിട്ടുള്ളത്.

1. KS Security System Home Automation, Kondotty – 25200

2. Jayan .T – 27199

ടെണ്ടർ നോട്ടീസ് പ്രകാരം ലാപ്പ്ടോപ്പ് ഒന്നിന് പരമാവധി 30000 രൂപയാണ് (എല്ലാ നികുതി ചാർജ്ജുകളും ഉൾപ്പെടെ) നിശ്ചയിച്ചിട്ടുള്ളത്. ടെണ്ടർ നോട്ടീസ് പ്രകാരം ഉൾപ്പെടുത്തിയ നിബന്ധനകളിൽ നികുതികൾ ഉൾപ്പെടുത്തിയ ഒരു യൂണിറ്റിന്റെ വിലയാണ് രേഖപ്പെടുത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 15.2.19 ലെ 2(1) നമ്പർ ഭരണ സമിതി തീരുമാനപ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത KS Security System Home Automation, Kondotty എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിക്കുകയും മേൽ സ്ഥാപനത്തിൽ നിന്നും 20 ലാപ്പ്ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് പേമെന്റ് അനുവദിച്ചപ്പോൾ ക്വാട്ട് ചെയ്ത തുകക്ക് (25200 രൂപ) പുറമെ നികുതി (GST) അധികം നൽകിയിട്ടുണ്ട്. രണ്ടാമത് നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ നിരക്കിനോടൊപ്പം നികുതി കൂട്ടിയാൽ തന്നെ ടെണ്ടർ നോട്ടീസ് പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കിലും (30000 രൂപ) അധികരിക്കുന്നുണ്ട് (27199+18%= 32095). അതുകൊണ്ട് തന്നെ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്ക് നികുതികൾ ഉൾപ്പെടെയാണെന്ന് വ്യക്തമാകുന്നു. 25200 രൂപക്ക് ലാപ്പ്ടോപ്പ് വാങ്ങുന്നതിന് പകരം 29736 രൂപ നിരക്കിൽ വാങ്ങിയതിനാൽ 72576 രൂപയുടെ അധിക ചെലവുണ്ടായി.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 5 /15.1.20 ) മറുപടിയായി ടെണ്ടറിന്റെ ഷെഡ്യൂളിൽ നിരക്ക് രേഖപ്പെടുത്തിയത് നികുതി ഒഴികെയാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ടെണ്ടർ നോട്ടീസിലും സ്റ്റോർ പർച്ചേസ് മാന്വലിലും ക്വാട്ട് ചെയ്യുന്ന നിരക്ക് നികുതി ഉൾപ്പെടെയായിരിക്കണമെന്ന് വ്യക്തമാക്കിയതിനാൽ മറുപടി സ്വീകാര്യമല്ല. നഷ്ടതുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി അടവാക്കുന്നത് വരെ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

വിശദ വിവരം ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-16 സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി - അധികം നൽകിയത് 5498 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകിയിട്ടുണ്ട്.

1).മെറ്റീരിയൽ റിക്കവറി സെന്റർ നവീകരണം

പ്രോജക്റ്റ് നം - 99/19

കെട്ടിടത്തിന് മുൻവശം ഷീറ്റ് ഇട്ടപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപ്പെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്കും കെട്ടിടത്തിന്റെ ഗ്രിൽ വർക്ക് പ്രവൃത്തികൾക്കും ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 123.87/kg നിരക്കാണ്

അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 102.376 kgവരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 50.10.2 കോഡ് പ്രകാരമുള്ള 111.93/kg രൂപയാണ്. കൂടാതെ 538.30 kgവരുന്ന ഗ്രിൽ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് DSR 50.25.2 കോഡ് പ്രകാരമുള്ള 117.96/kg രൂപയാണ്.

2). PHC ക്വാർട്ടേഴ്സ് നവീകരണം

പ്രോജക്റ്റ് നം - 260/19

PHC ക്വാർട്ടേഴ്സ് കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ 361018 രൂപ മൂല്യ നിർണ്ണയത്തിൽ പൂർത്തിയായിട്ടുണ്ട്.

കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്കും കെട്ടിടത്തിന്റെ ഗ്രിൽ വർക്ക് പ്രവൃത്തികൾക്കും ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 123.87/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 91.60 kgവരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 50.10.2 കോഡ് പ്രകാരമുള്ള 111.93/kg രൂപയാണ്.

അധിക നിരക്ക് നൽകിയതിനാൽ പ്രവൃത്തികളിൽ 5498 രൂപ അധികം നൽകിയിട്ടുണ്ട്.
വിശദ വിവരം ഭാഗം 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-17 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 33802 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 25% വരെയുള്ള ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലും പിഴ ഈടാക്കേണ്ടതായിരുന്നു.

142-ാം നമ്പർ അംഗനവാടി നിർമ്മാണം (211/19)
പ്രവൃത്തിയിൽ 20016 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. വിശദ വിവരം ഭാഗം 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-18 കൈത്തക്കര കമ്മാനം തോട് ശാക്തീകരണം -അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

പ്രോജക്റ്റ് നം - 315/19

എം. ബുക്ക് - 6/18-19

കരാർ - 1/4.4.18 (Estimate rate)

മൂല്യനിർണ്ണയം - 535152

ബിൽ - 27/27.11.18 (41300)

23/27.11.18 (319718)

കരാറുകാരൻ - സക്കീർ.A

Cost Index – 37.25% (DSR 2016)

TS-600000

കൈത്തക്കര കമ്മാനം തോട്ടിൽ ശാക്തീകരണ പ്രവൃത്തി 535152 രൂപ മൂല്യ നിർണ്ണയത്തിൽ 31.5.18 ന് പൂർത്തിയായിട്ടുണ്ട്. മേൽ പ്രവൃത്തി 16.1.2020 ന് ഓവർസിയറുടെ സാന്നിധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങൾ പ്രവൃത്തിയിൽ ചെയ്തതായി കണ്ടില്ല

| ഇനം | പ്രവൃത്തി | അളവ് | അനുവദിച്ച തുക |
|---|---|---|---|
| 7 | Shutter for check dams-supplying and providing Thambagam wood shutter planks 5 cm thick including cost of meterials and labour charge etc. (DSR code 60.8) | 68.906 10 cud m | 55814<br>(68.906 10 cud m x 810/10 cud m |
| 8 | MS Ring-100 mm dia<br>(DSR code 60.5) | 6 nos | 180<br>(6x30) |
| 9 | Painting with anti-corrosive bitumastic paint<br>(DSR code 13.65.1) | 27.562 m2 | 2343<br>(27.562x85/m2) |
| | Total | | 58337 |

പിന്നീട് ഷട്ടറുകൾ മറ്റൊരു സ്ഥലത്ത് സൂക്ഷിച്ചിട്ടുണ്ടെന്ന് കരാറുകാരൻ അറിയിച്ചതനുസരിച്ച് 17.1.2020 ന് ഓവർസിയറുടെ സാന്നിധ്യത്തിൽ വീണ്ടും സ്ഥലപരിശോധന നടത്തിയതിൽ പ്രവൃത്തി സ്ഥലത്ത് നിന്നും 2 Km അകലെയുള്ള വീട്ടിൽ ഷട്ടറുകൾ സൂക്ഷിച്ചതായി കണ്ടു. എന്നാൽ ഈ ഷട്ടറുകൾ മേൽ പ്രവൃത്തിയുടെ ഭാഗമാണോ എന്ന് വ്യക്തമല്ല. മാത്രമല്ല ഷട്ടറുകൾ സൂക്ഷിച്ചിട്ടുള്ളത് പാടശേഖരസമിതിയുമായി ബന്ധപ്പെട്ട ആരുടെയും വീട്ടിലല്ല. പ്രവൃത്തി സ്ഥലത്ത് മണ്ണ് അടിഞ്ഞ് കൂടിയതിനാൽ ഷട്ടറുകൾ പ്രവൃത്തി സ്ഥലത്ത് സ്ഥാപിച്ചിട്ടില്ലെന്ന് കരാറുകാരൻ തന്നെ വ്യക്തമാക്കി. ഷട്ടറുകൾ സ്ഥാപിക്കാതെ ഇരിക്കെ അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തി പേമെന്റ് അനുവദിച്ചത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. 31.5.18 ന് പൂർത്തിയായ ഈ പ്രവൃത്തിയിൽ ഷട്ടറുകൾ ഇതുവരെ സ്ഥാപിക്കാൻ പറ്റിയിട്ടില്ലാത്തതിനാൽ മേൽ ചെലവ് അനാവശ്യ ചെലവായി മാറി.

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (AUDIT ENQUIRY No.20 /17.1.20). മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 58337 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-19 ട്രെയിനർക്ക് ഫോൺ അലവൻസ് നല്കിയ 5700/-രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി

പകൽ വീട്-പുനരധിവാസ പദ്ധതിയിൽ വൃദ്ധർക്കും ഭിന്നശേഷിക്കാർക്കും സൗജന്യ പരിശീലനവും ഭക്ഷണവും നല്കി അവരുടെ ശാരീരികവും മാനസികവുമായ ശേഷി വർദ്ധിപ്പിക്കാനമാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടിരുന്നത്. മേൽ പ്രോജക്റ്റിനെ സംബന്ധിച്ചുള്ള വിവരം താഴെ നല്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, നമ്പർ | പകൽവീട് – പുനരധിവാസം, 304/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>കുടുംബരോഗ്യ കേന്ദ്രം. |
| ആകെ അടങ്കൽ | 256800/-രൂ |
| ചെലവഴിച്ച തുക | 221329/-രൂപ |
| വികസനഫണ്ട് | ₹.56800<br>₹.55375 Bill No.&date 9/18/20.12.18<br>₹.1425 Bill No.&date 19/18/23.03.19 |
| തനതു ഫണ്ട് | ₹.164529 |

| | |
|---|---|
| | ₹.45493/-<br>(Cheque No.& date 2963560/23.03.19<br>₹.72036<br>(Cheque No.& date 2535441/25.09.18<br>₹.6000/-<br>(Cheque No.& date 2535499/25.01.18<br>₹.41000<br>(Cheque No.& date 2963514/22.02.19 |
| ആകെ | ₹.56800 + ₹.164529 = 2,21,329 |

ഈ പദ്ധതിയിൽ വൃദ്ധരും, ഭിന്നശേഷിക്കാർക്കും തൊഴിൽ പരിശീലനം നല്കിയ സ്റ്റാഫിന് ഓണറേറിയതിനു പുറമെ ഫോൺ അലവൻസും നല്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം ആകെ 5700/-രൂപ ഈ ഇനത്തിൽ നല്കിയിട്ടുണ്ട്. എന്നാൽ ഫോൺ നമ്പറോ ഫോൺ അലവൻസ് നല്കുവാനുള്ള സാഹചര്യമോ അലവൻസ് നല്കിയ തിയ്യതിയോ ഫയലിൽ ലഭ്യമല്ല. ഫോൺ അലവൻസ് നല്കിയതിന്റെ കാരണം വിശദമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 3/14.01.2020നെ തുടർന്ന് 3600/-രൂപയും (Receipt No. 3603996 dated 15.01.2020) ഓഡിറ്റ് അന്വേഷണം നമ്പർ 8/15.01.2020 നെ തുടർന്ന് 2100/-രൂപയും (Receipt No. 3604000 dated 15.01.2020) പഞ്ചായത്തിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

## 1-20 പാലിയേറ്റീവ് വാഹനം വാടകക്കെടുത്തതും വാടക നൽകിയതും-അപാകതകൾ

സ.ഉ.(സാധാ)നം.3217/2015/ത.സ്വ.ഭ.വ തിയതി.29.10.15 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ ഖണ്ഡിക 2.6.5ൽ ക്രമനമ്പർ 3 പ്രകാരം വാഹനം വാടകക്ക് എടുക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വാഹനം വാടക്ക് എടുക്കേണ്ടതും ആയത് പി.എം.സി അംഗീകരിക്കേണ്ടതുമാണ്. ക്വട്ടേഷന്റെ കാലാവധി ആറ് മാസമായിരിക്കുന്നതും കാലാവധി തീരുന്നതിന് മുൻപ് പുതിയ ക്വട്ടേഷൻ നടത്തേണ്ടതുമാണ്. മാർഗ്ഗരേഖയിൽ രാവിലെ ഹോംകെയർ ആരംഭിക്കുന്നത് മുതൽ വൈകുന്നേരം അവസാനിക്കുന്നത് വരെ ഒരു ദിവസത്തേക്ക് ചുവടെ ചേർത്ത പ്രകാരമുള്ള പരമാവധി വാടകയും നിർദ്ദേശിച്ചിട്ടുണ്ട്. (2019ലെ പുതുക്കിയ പരിരക്ഷ മാർഗ്ഗ നിർദ്ദേശങ്ങൾ 2019 ഏപ്രിൽ മുതലാണ് പ്രാബല്യമുള്ളത്)

| ഓടുന്ന ദൂരം(Up&Down) | 15 – 24 കി.മീ | 25 – 34 കി.മീ | 35 – 44 കി.മീ | 45 കി.മീ കൂടുതൽ |
|---|---|---|---|---|
| പരമാവധി തുക | 800 രൂപ | 900 രൂപ | 1000 രൂപ | 1100 രൂപ |

എന്നാൽ 2018-19ൽ പരിരക്ഷ പദ്ധതിക്കായി ഓടിയ വാഹനം ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെയാണ് വാടകക്കെടുത്തത്. ട്രിപ്പ് ഷീറ്റുകളിൽ വാഹനം ഓടിയ ദൂരവും രേഖപ്പെടുത്തിയിട്ടില്ല. മാർഗ്ഗരേഖ പ്രകാരമുള്ള വാടക നിരക്കുകൾ പരിഗണിക്കാതെ ഒരു ദിവസത്തേക്ക് 1000 രൂപ നിരക്കിൽ വാടക നൽകുകയാണ് ചെയ്തത്. വാഹനം വാടകയ്ക്ക് എടുക്കുന്നതിന് സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

## 1-21 മുൻകൂർ നല്കിയ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല - 130733/- തടസ്സത്തിൽ വയ്ക്കുന്നു.

(1) സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമർദ്ദം എന്നിവ നേരത്തെ കണ്ടെത്താനും അങ്ങനെ കിഡ്നി തുടങ്ങിയ അവയവങ്ങളെ ബാധിക്കുന്ന രോഗങ്ങളെ നിയന്ത്രിക്കലുമാണ് മേൽ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | അമൃതം - ജീവിതശൈലീ രോഗ നിയന്ത്രണം പദ്ധതി |
| പ്രോജക്ട് നം. | 308/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ. അനിൽ പിഷാരടി<br><br>മെഡിക്കൽ ഓഫീസർ |

| | |
|---|---|
| | കുടുംബാരോഗ്യ കേന്ദ്രം |
| ആകെ അടങ്കൽ | 100000 |
| ചെലവഴിച്ച തുക | 99809/- (തനതു ഫണ്ട്)<br><br>ചെക്ക് നം. 2963515 dated 22.02.19 |

മേൽ പ്രോജക്റ്റിന് തനതു ഫണ്ടിൽ നിന്നും ചെക്ക് മുഖേന ലഭിച്ച തുകയായ 99809/-രൂപ പ്രോഫോർമ ഇൻവോയ്സ് നം. PRF 4209 dated 31.01.19 പ്രകാരം K.M.S.C.L ന് മുൻകൂറായി നല്കിയിട്ടുണ്ട്. മരുന്ന് ഇതുവരേയും ലഭിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

(2)

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്റ്റ് നം. | 108 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ. അനിൽ പിഷാരടി<br><br>മെഡിക്കൽ ഓഫീസർ<br><br>കുടുംബാരോഗ്യ കേന്ദ്രം |
| ആകെ അടങ്കൽ | 300000 |
| ചെലവഴിച്ച തുക | 300000/-<br><br>200000/-(വികസന ഫണ്ട്)<br><br>Try.Bill No. 13/18-19 തിയ്യതി 23.02.19<br><br>100000/-<br><br>Try.Bill No. 15/18-19 തിയ്യതി 23.02.19 |

മേൽ പദ്ധതിക്കുവേണ്ടി മരുന്ന് വാങ്ങുന്നതിനായി PRF 4839 dated 27.02.2019 പ്രകാരം 200000/- രൂപയും, PRF 4841 dated 27.02.2019പ്രകാരം 100000/- രൂപയും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്, തൈക്കാടിന് മുൻകൂറായി നല്കിയിട്ടുണ്ട് . എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ താഴെ നല്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 01 | 2999 dated 03.06.2019 | 80513 |
| 02 | 3476 dated 19.06.2019 | 64411 |
| 03 | 6822 dated 21.10.2019 | 31482 |
| 04 | 6820 dated 21.10.2019 | 12188 |
| 05 | 6825 dated 21.10.2019 | 19090 |
| 06 | 8599 dated 16.11.2019 | 61392 |
| | ആകെ | 269076 |

300000/-രൂപയിൽ 269076/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. അവശേഷിക്കുന്ന 30924/-രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്.

മേൽ രണ്ട് പ്രോജക്റ്റിലും കൂടി 130733/-രൂപയുടെ (99809/-+30924/-) മരുന്നുകൾ ലഭിക്കാനുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-22 കുടുംബരോഗ്യ കേന്ദ്രത്തിൽ സ്ഥാപിച്ച ജനറേറ്റർ പ്രവർത്തന സജ്ജമല്ല-385270/-രൂപ തടസ്സപ്പെടുത്തുന്നു.

വൈദ്യുതി പ്രവാഹം തടസ്സം നേരിടുന്ന കുടുംബാരോഗ്യ കേന്ദ്രത്തിന് ശീതീകരിച്ച് മരുന്നുകൾ സൂക്ഷിക്കുവാനും കൂടാതെ കൃത്യതയോടെയും സമയ താമസം കൂടാതെയും ലാബ് പരിശോധന നടത്തുവാനും വേണ്ടി ജനറേറ്ററിന്റെ ഉപയോഗം അത്യാവശ്യമായതിനാലാണ് ആശുപത്രിയിൽ ജനറേറ്റർ സ്ഥാപിക്കാൻ ഭരണ സമിതി തീരുമാനിച്ചത്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ താഴെ നല്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | കുടുബരോഗ്യകേന്ദ്രത്തിലേക്ക് ജനറേറ്റർ വാങ്ങൽ |
| പ്രോജക്റ്റ് നം. | 303/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ. അനിൽ പിഷാരടി<br>മെഡിക്കൽ ഓഫീസർ<br>കുടുംബാരോഗ്യ കേന്ദ്രം,<br>തിരുന്നാവായ |
| ആകെ അടങ്കൽ | 500000/- |
| ചെലവഴിച്ച തുക | 385270/-<br>330000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>Try.Bill No. 12/18 dated 30,01,19<br>55270/- (തനതു ഫണ്ട്)<br>ചെക്ക് നം. 2535498 തിയ്യതി 22.01.19 |

മേൽ പ്രോജക്റ്റ് പ്രകാരം ജനറേറ്റർ വാങ്ങാൻ ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം 04.10.2018 ലെ ചന്ദ്രിക ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. മേൽ ടെണ്ടർ പരസ്യത്തിലോ ഫയലിലോ ജനറേറ്ററിന്റെ സ്പെസിഫിക്കേഷനോ മറ്റു നിബന്ധനകളോ പ്രതിപാദിച്ചതായി കാണുന്നില്ല. പ്രസ്തുത ടെണ്ടർ പരസ്യത്തിൽ ടെണ്ടർ ഫോമുകൾ 07.10.2018 വെള്ളിയാഴ്ച്ച മുതൽ പി.എച്ച്.സി ഓഫീസിൽ രാവിലെ പത്ത് മണി മുതൽ വിതരണം ചെയ്യുമെന്നും 12.10.2018ന് ഉച്ചയ്ക്ക് 1 മണിവരെ പി.എച്ച്.സിയിൽ സ്വീകരിക്കുമെന്നും അന്നേദിവസം ഉച്ചയ്ക്കുശേഷം ടെണ്ടറുകൾ തുറന്ന് പരിശോധിക്കുമെന്നും ഭരണ സമിതിയുടെ അംഗീകാരത്തിനു വിധേയമായി ടെണ്ടർ ഉറപ്പിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ മൂന്നു സ്ഥാപനങ്ങൾ ടെണ്ടറുകൾ സമർപ്പിച്ചിട്ടുണ്ട്. അവയുടെ വിവരം താഴെ നല്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തുക ക്വാട്ട് ചെയ്തത് |
|---|---|---|
| 01 | Prime Power Engineering,<br>Perinthalmana | 485270<br>(385270+100000)<br>1 ലക്ഷം ഇൻസ്റ്റാലേഷൻ ചാർജ്ജ് ഉൾപ്പെടെ |
| 02 | Electra Engineering Associates,<br>Velliyapuram,Thayyalingal P.P, Malappuram. | 480156 |
| 03 | DSV Prime Power Venture Pvt. Limited,<br>Perinthalmana | 505000 |

മേൽ ടെണ്ടറുകളിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത Electra Engineering Associates, Thayyalingal, Malappuram-ന്റെ ടെണ്ടർ സ്വീകരിക്കാൻ 27.10.2018 തിയ്യതിയിൽ നടന്ന തിരുന്നാവായ ഗ്രാമ പഞ്ചായത്തിന്റെ സാധാരണ യോഗത്തിലെ 3/2 നമ്പർ പ്രകാരം തീരുമാനിച്ചു. എന്നാൽ 28.10.18 ലെ Electra Engineering Associates-ന്റെ കത്തു പ്രകാരം അവർ

ടെണ്ടറിൽ നിന്നും പിൻവാങ്ങുകയാണെന്ന് അറിയിച്ചതിനെ തുടർന്ന് പിന്നീട് ഏറ്റവും കുറവ് ക്വാട്ട് ചെയ്ത Prime Power Engineering, Perinthalmanaയുടെ ടെണ്ടർ സ്വീകരിക്കുകയാണുണ്ടായത്. 30.01.19ന് ജനറേറ്റർ ഇൻസ്റ്റാൾ ചെയ്തുവെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. എന്നാൽ ഇൻസ്റ്റാലേഷൻ സംബന്ധിച്ചോ ജനറേറ്ററിന്റെ പ്രവർത്തനത്തെക്കുറിച്ചോ ഉള്ള റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ ഫയലിൽ ഇല്ല.

ജനറേറ്റർ വിതരണം ചെയ്ത Prime Power Engineering, Perinthalmanna-യ്ക്ക് ആകെ expenditure statement പ്രകാരം ആകെ 385270/-രൂപ നല്കിയിട്ടുണ്ട്. (Prime Power Engineering-Receipt No. 1082 dated 30.01.19 Rs. 330000/-, Receipt No. 1086 dated 01.02.19 Rs. 55270/-) ബാലൻസായി 100000/-രൂപ കൂടി നല്കാനുണ്ട്. ജനറേറ്ററിന്റെ നിലവിലെ അവസ്ഥ ഓഡിറ്റിനെ അറിയിക്കണമെന്ന് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 02 തിയ്യതി 14.01.2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

16.01.2020 സ്ഥല പരിശോധനയിൽ ജനറേറ്റർ പ്രവർത്തനക്ഷമമല്ലെന്ന് കാണുകയുണ്ടായി. ജനറേറ്റർ പ്രവർത്തന സജ്ജമാക്കാൻ ആവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കുമെന്നും, ജനറേറ്റർ പ്രവർത്തന സജ്ജമായാൽ മാത്രമേ ബാലൻസുള്ള 100000/-രൂപ നല്കുകയുള്ളൂവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ഒരു വർഷമായിട്ടും ജനറേറ്റർ പ്രവർത്തനക്ഷമമാവാത്തിനാൽ ഇതുവരെ നല്കിയ 385270/-രൂപ തടസ്സപ്പെടുത്തുന്നു. ജനറേറ്റർ പ്രവർത്തനസജ്ജമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-23 പ്രീ മൺസൂൺ ക്ലീനിംഗ്-വിനിയോഗ വിവരം ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

തിരുനാവായ ഗ്രാമ പഞ്ചായത്തിലെ വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികൾക്ക് 10,000 രൂപ വീതം നൽകുന്നതിന് മെഡിക്കൽ ഓഫീസർ- പി.എച്ച്.സിക്ക് ആകെ 2,30,000 രൂപ ചെക്ക് നമ്പർ 11887/6.6.18 ആയി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുണ്ട്. (വൗച്ചർ 21800211/6.6.18).

നല്കിയ തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (11/ 17.1.20) മറുപടി ലഭ്യമാക്കുകയോ ചെലവ് രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

# 1-24 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന രശീതി ഹാജരാക്കേണ്ടതാണ്.

ജി.ഒ (ആർ.ടി) 2310/18 ത.സ്വ.ഭ.വ23.8.18 ഉത്തരവിലെ നിർദ്ദേശ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിനായി 5,00,000 രൂപ 023885/13.9.18 നമ്പർ ചെക്കായി പിൻവലിച്ചിട്ടുണ്ട് (വൗച്ചർ 21800454 /13.9.18). പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി എന്ന് രേഖപ്പെടുത്തി തിരൂർ താലൂക്ക് ഓഫീസിന്റെ ഔദ്യോഗിക മുദ്ര പതിച്ച ടൈപ്പ് ചെയ്ത ഒരു രശീതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആരാണ് തുക കൈപ്പറ്റിയത് എന്ന് വ്യക്തമല്ല. മാത്രവുമല്ല, സംഭാവന കൈപ്പറ്റിയതായ സർക്കാരിന്റെ ഔദ്യോഗിക രശീതിയോ നിർദ്ദിഷ്ട അക്കൗണ്ടിലേക്ക് തുക കൈമാറിയതായ രേഖയോ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

# 1-25 ഇൻവോയ്സ് പ്രകാരമുള്ള ഭക്ഷ്യധാന്യം ലഭ്യമായില്ല- 2419 രൂപ തിരിച്ചടവാക്കേണ്ടതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പൂരക പോഷകാഹാര പദ്ധതിയിൽ ഇൻവോയ്സ് നമ്പർ 41/18.1.19 പ്രകാരം വാങ്ങിയ ഭക്ഷ്യധാന്യങ്ങളിൽ ഇൻവോയ്സ് പ്രകാരം 369 കി.ഗ്രാം ചെറുപയറിന് കി.ഗ്രാമിന് 59 രൂപ നിരക്കിൽ 21771 രൂപ നൽകിയിട്ടുണ്ട്. (ചെക്ക് നമ്പർ 24264/25.3.19 ആകെ തുക 436486 രൂപ.) സ്റ്റോക്ക് രജിസ്റ്റർ പേജ് 146 ലും സൈറ്റിൽ ഇറക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരവും 328 കി.ഗ്രാം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 41 കി.ഗ്രാം ചെറുപയറിന്റെ വിലയായ 2419 രൂപ തിരിച്ചടവാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 13 /17.1.20 ആയി നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഖണ്ഡിക 3-5 കാണുക)

## 1-26 അംഗനവാടിക്ക് കുഴൽകിണർ-പ്രവൃത്തി പൂർത്തീകരിച്ചതിന്റ വിവരം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രൊജക്ട് 298/19 ൽ റോഡിതര മെയിന്റനൻസ് പദ്ധതി വിഹിതം 50,000 രൂപ വകയിരുത്തി 107-ാം നമ്പർ അംഗനവാടിക്ക് കുഴൽകിണർ നിർമ്മിക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മലപ്പുറം അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം 42,050 രൂപ രൂപ വകുപ്പിന് കൈമാറിയിട്ടുണ്ട്. (ട്രഷറി ബിൽ 37/27.3.19) നാളിത് വരെ കുഴൽകിണർ നിർമ്മിച്ചതായി രേഖകൾ ഇല്ല. പ്രൊജക്ട് നടപ്പാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-27 തുടർവിദ്യാ കേന്ദ്രം വൈദ്യുതീകരണം വിവരം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രൊജക്ട് 147/19 ൽ തനത് ഫണ്ട് 64000 വകയിരുത്തി തുടർവിദ്യാ കേന്ദ്രങ്ങളുടെ വൈദ്യുതീകരണം എന്ന പ്രൊജക്ടിൽ 54052 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ചെയ്ത പ്രവൃത്തിയുടെ മൂല്യ നിർണ്ണയ രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്. (വൗച്ചർ 21800319/18.7.18) ചെലവ് തുക 54052രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 16/17.1.20)

## 1-28 പ്ലാസ്റ്റിക് റീസൈക്ക്ളിംഗ് യൂണിറ്റ് വൈദ്യുതീകരണം - വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തതിനാൽ പ്രവർത്തനം നടക്കുന്നില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രൊജക്ട് 318/19 ൽ വികസന ഫണ്ട് 1,55,713 രൂപ ചെലവഴിച്ച് ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടുണ്ട്. ( ട്രഷറി ബിൽ 20/10.12.18) ആയതിന്റെ എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്ലാന്റിൽ നേരിട്ട് പരിശോധിച്ചതിൽ ആവശ്യമായ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാതെ സൂക്ഷിച്ചതായി കണ്ടു. വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 17 /17.1.20 ആയി തുടർ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 155713 രൂപ തടസ്സം ചെയ്യുന്നു.

## 1-29 സി.സി.ടി.വി സ്ഥാപിക്കൽ- സംവിധാനം പ്രവർത്തിപ്പിക്കുന്നില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രൊജക്ട് 30/18-19 ൽ വികസന ഫണ്ട് 4,49,963 (ട്രഷറി ബിൽ 35/21.3.19) രൂപ ചെലവഴിച്ച് മാലിന്യം തള്ളുന്ന സ്ഥലങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കൽ, ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രൊജക്ട് 123/18-19 ൽ തനത് ഫണ്ട് 3,65,000 രൂപ ചെലവഴിച്ച് സ്കൂൾ പരിസരങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കൽ എന്നിങ്ങനെ രണ്ട് പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ആയത് നേരിട്ട് പരിശോധിച്ചതിലും ഫയൽ പരിശോധിച്ചതിലും താഴെ പറയും പ്രകാരം അപാകതകൾ കാണപ്പെട്ടു.

1. ഹെഡ്മിസ്ട്രസ് നടത്തിയ പ്രൊജക്ടിൽ 7 ക്യാമറകൾ, മൂന്ന് യു.പി.എസ്, ഒരു എൽ.ഇ.ഡി ടി.വി എന്നിവയും അനുബന്ധ സാമഗ്രികളും വാങ്ങിയിട്ടുണ്ട്. നേരിട്ട് പരിശോധിച്ചതിൽ നാവാമുകുന്ദ സ്കൂൾ പരിസരത്ത് സ്ഥാപിച്ച നിരീക്ഷണ സംവിധാനത്തിൽ ഒരു യു.പി.എസ് മാത്രമാണ് കാണാനായത്. സ്കൂൾ മുറിയിൽ സ്ഥാപിച്ച സംവിധാനം നിലവിൽ പ്രവർത്തിപ്പിക്കുന്നില്ല. ബാക്കി രണ്ട് UPS കൾ സംബന്ധിച്ച സ്റ്റോക്ക്, ഉപയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

2. രണ്ട് പ്രൊജക്ടുകളിലും ക്യാമറകൾ എവിടെയൊക്ക സ്ഥാപിക്കണം എന്നോ നിയന്ത്രണം എപ്രകാരം ആയിരിക്കണം എന്നൊക്കെയുള്ള കാര്യങ്ങൾ സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ ഇല്ല.

സി.സി.ടി.വി യുടെ നിയന്ത്രണം, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച് കൃത്യമായ നടപടിക്രമങ്ങൾ രൂപീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 18/17.1.20 ആയി അന്വേഷണക്കുറിപ്പ് നൽകിയിട്ടുണ്ട്)

സ്ഥാപിക്കുന്ന സി.സി.ടി.വി. കൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 SC വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് -അപാകത - അധികം നൽകിയത് 90720 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

പ്രോജക്റ്റ് നം - SO128/19

ചെലവ് - 594720

ബിൽ - 10/19.3.19 – 89208

11/19.3.19 – 89208

12/19.3.19 – 89208

13/19.3.19 – 89208

14/19.3.19– 237888

എസ്. സി. വിദ്യാർത്ഥികൾക്ക് വേണ്ടി ലാപ്പ്ടോപ്പിന് ടെണ്ടർ ക്ഷണിച്ചതിൽ 2 ടെണ്ടറുകളാണ് സമർപ്പിച്ചിട്ടുള്ളത്.

1. KS Security System Home Automation , Kondotty – 25200

2. Jayan .T - 27199

ടെണ്ടർ നോട്ടീസ് പ്രകാരം ലാപ്പ്ടോപ്പ് ഒന്നിന് പരമാവധി 30000 രൂപയാണ് (എല്ലാ നികുതി ചാർജ്ജുകളും ഉൾപ്പെടെ) നിശ്ചയിച്ചിട്ടുള്ളത്. ടെണ്ടർ നോട്ടീസ് പ്രകാരം ഉൾപ്പെടുത്തിയ നിബന്ധനകളിൽ നികുതികൾ ഉൾപ്പെടുത്തിയ ഒരു യൂണിറ്റിന്റെ വിലയാണ് രേഖപ്പെടുത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 15.2.19 ലെ 2(1) നമ്പർ ഭരണ സമിതി തീരുമാനപ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത KS Security System Home Automation, Kondotty എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിക്കുകയും മേൽ സ്ഥാപനത്തിൽ നിന്നും 20 ലാപ്പ്ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് പേമെന്റ് അനുവദിച്ചപ്പോൾ ക്വാട്ട് ചെയ്ത തുകക്ക് (25200 രൂപ) പുറമെ നികുതി (GST) അധികം നൽകിയിട്ടുണ്ട്. രണ്ടാമത് നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ നിരക്കിനോടൊപ്പം നികുതി കൂട്ടിയാൽ തന്നെ ടെണ്ടർ നോട്ടീസ് പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കിലും (30000 രൂപ) അധികരിക്കുന്നുണ്ട് (27199+18%= 32095). അതുകൊണ്ട് തന്നെ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്ക് നികുതികൾ ഉൾപ്പെടെയാണെന്ന് വ്യക്തമാകുന്നു. 25200 രൂപക്ക് ലാപ്പ്ടോപ്പ് വാങ്ങുന്നതിന് പകരം 29736 രൂപ നിരക്കിൽ വാങ്ങിയതിനാൽ താഴെ പറയും പ്രകാരം അധിക ചെലവുണ്ടായി.

വിശദാംശം ചുവടെ

| ഇൻവോയ്സ് നമ്പർ | എണ്ണം | തുക | നികുതി | ആകെ | അധികം നൽകിയത് | ബിൽ നമ്പർ |
|---|---|---|---|---|---|---|
| 42/5.3.119 | 3@25200 | 75600 | 13608 | 89208 | 13608 | 10.19.3.10 |
| 43/8.3.19 | 3@25200 | 75600 | 13608 | 89208 | 13608 | 11.19.3.10 |
| 44/11.3.19 | 3@25200 | 75600 | 13608 | 89208 | 13608 | 12.19.3.10 |
| 45/15.3.19 | 3@25200 | 75600 | 13608 | 89208 | 13608 | 13.19.3.10 |
| 46/19.3.19 | 8@25200 | 201600 | 36288 | 237888 | 36288 | 14.19.3.10 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 594720 | 90720 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 5 /15.1.20 ) മറുപടിയായി ടെണ്ടറിന്റെ ഷെഡ്യൂളിൽ നിരക്ക് രേഖപ്പെടുത്തിയത് നികുതി ഒഴികെയാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ടെണ്ടർ നോട്ടീസിലും സ്റ്റോർ പർച്ചേസ് മാന്വലിലും ക്വാട്ട് ചെയ്യുന്ന നിരക്ക് നികുതി ഉൾപ്പെടെയായിരിക്കണമെന്ന് വ്യക്തമാക്കിയതിനാൽ മറുപടി സ്വീകാര്യമല്ല. നഷ്ടതുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി അടവാക്കുന്നത് വരെ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

# 3-2 സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി - അധികം നൽകിയത് 5498 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ സ്റ്റീൽ വർക്കിന് അധിക നിരക്ക് നൽകിയിട്ടുണ്ട്.

1).മെറ്റീരിയൽ റിക്കവറി സെന്റർ നവീകരണം

പ്രോജക്റ്റ് നം - 99/19

എം. ബുക്ക് - 16/18-19

കരാർ - 38/31.8.18 (Estimate rate)

മൂല്യനിർണ്ണയം - 240934

ബിൽ - 65/19.3.19

കരാറുകാരൻ - KM.മൊയ്തീൻ

Cost Index – 37.25% (DSR 2016)

TS-250000

മെറ്റീരിയൽ റിക്കവറി സെന്റർ കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ 240934 ലക്ഷം മൂല്യ നിർണ്ണയത്തിൽ പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി

കെട്ടിടത്തിന് മുൻവശം ഷീറ്റ് ഇട്ടപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപ്പെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്കും കെട്ടിടത്തിന്റെ ഗ്രിൽ വർക്ക് പ്രവൃത്തികൾക്കും ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 123.87/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 102.376kg വരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 50.10.2 കോഡ് പ്രകാരമുള്ള 111.93/kg രൂപയാണ്. കൂടാതെ 538.30 kg വരുന്ന ഗ്രിൽ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് DSR 50.25.2 കോഡ് പ്രകാരമുള്ള 117.96/kg രൂപയാണ്. വിശദ വിവരം ചുവടെ

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 3 | 783.587 kg x 123.87/kg = 97062.92 | 538.30 kg x 117.96/kg = 63497.86<br>102.376 kg x 111.93/kg = 11458.94<br>142.911 kg x 123.87/kg = 17702.38<br>92659 | 4404 |

2). PHC ക്വാർട്ടേഴ്സ് നവീകരണം

പ്രോജക്റ്റ് നം - 260/19

എം. ബുക്ക് - 12/18-19, 13/18-19

കരാർ - 37/21.12.17 (Estimate rate)

മൂല്യനിർണ്ണയം - 361018

ബിൽ - 27/27.11.18 (41300)

23/27.11.18 (319718)

കരാറുകാരൻ - A.ഹംസ

Cost Index – 37.25% (DSR 2016)

TS-400000

PHC ക്വാർട്ടേഴ്സ് കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ 361018 രൂപ മൂല്യ നിർണ്ണയത്തിൽ പൂർത്തിയായിട്ടുണ്ട്.

കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്കും കെട്ടിടത്തിന്റെ ഗ്രിൽ വർക്ക് പ്രവൃത്തികൾക്കും ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 123.87/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 91.60kg വരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 50.10.2 കോഡ് പ്രകാരമുള്ള 111.93/kg രൂപയാണ്. വിശദ വിവരം ചുവടെ

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 7 | 412.98 kg x 123.87/kg = 51155.83 | 91.60 kg x 111.93/kg = 10252.78<br>321.38 kg x 123.87/kg = 39809.34<br>50062.12 | 1094 |

നോട്ട് - മറ്റ് പ്രവൃത്തികളിൽ സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് അനുവദിച്ച നിരക്ക് DSR 50.10.2 കോഡ് പ്രകാരമുള്ള 111.93/kg രൂപയാണ്. ഉദാ: പട്ടർനടക്കാവ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം റൂഫിംഗ് (പ്രോജക്റ്റ് നം. 310/19)

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല. (AUDIT ENQUIRY No.6 /16.1.20 & AUDIT ENQUIRY No.21 /17.1.20). നഷ്ടതുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 5498 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-3 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 33802 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 25% വരെയുള്ള ദിവസത്തിന് പി.എ.സി. യുടെ 1% നിരക്കിലും തുടർന്നുള്ള 25% കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സൈറ്റ് | പൂർത്തീകരണ | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ഹാൻഡ് ഓവർ ചെയ്തത് | കാലാവധി | | |
| 142-ാം നമ്പർ അംഗനവാടി നിർമ്മാണം (211/19)<br>ചെക്ക് നം. - (നബാർഡ്) 789011400004713/4.10.18-(532554 രൂപ)<br>ചെക്ക് നം - 023543/29.11.17-122000 രൂപ<br>PAC- 667211<br>അളവ് പുസ്തകം 69/16-17<br>കരാറുകാരൻ -A. ഹംസ<br>കരാർ. 73/23.3.17<br>TS-810000 | 23.3.17 | 22.7.17 വരെ<br>(4 മാസം) | 23.10.2017 | 20016<br>(23.7.17 മുതൽ 20.8.17 വരെ 6672<br>21.8.17 മുതൽ 20.9.17 വരെ 13344 ) |

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (AUDIT ENQUIRY No.2 /13.12.19). നഷ്ടതുക 20016 രൂപ ഉത്തരവാദിയായ പ്രവൃത്തിയുടെ പേമെന്റ് അനുവദിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 സാമൂഹ്യ സുരക്ഷാപെൻഷൻ - മരണ ശേഷവും വിതരണം നടത്തി- നല്കിയ തുക 153900/-

തിരുന്നാവായ ഗ്രാമ പഞ്ചായത്ത് മുഖേന സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ സേവന പെൻഷൻ സോഫ്റ്റ് വെയർ പ്രകാരമുള്ള വിവരങ്ങളും പഞ്ചായത്തിലെ മരണ രജിസ്റ്ററും ഒത്തുനോക്കിയതിൽ നിന്നും ചുവടെ ചേർത്ത പെൻഷൻ ഗുണഭോക്താക്കൾക്ക് ടിയാളുകളുടെ മരണ ശേഷവും പെൻഷൻ തുക അനുവദിച്ചതായി കാണുന്നുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം & ഐ.ഡി | മരണം നടന്ന തിയ്യതി | മരണ രജിസ്ട്രേഷൻ നം& തിയ്യതി | അനർഹമായി നൽകിയ തുക | റിമാർക്സ്. |
|---|---|---|---|---|---|---|
| 1 | തിത്തുമ്മ | വാർദ്ധക്യ കാല പെൻഷൻ (75വയസ്സിന് മുകളിൽ) 10984020063 | 02/03/2018 | 66/2018 dt 18/04/2018 | 24000 | (4/18 മുതൽ 7/19 വരെ 1500x16) |
| 2 | മുഹമ്മദ് | വാർദ്ധക്യ കാല പെൻഷൻ 109840202470 | 31/03/2018 | 68/2018 dt 21/04/2018 | 5600 | (12/18 മുതൽ 3/19 വരെ 1100 x4<br>4/19 ൽ 1200 x 1) |
| 3 | ബിര്യാമ | കർഷക തൊഴിലാളി പെൻഷൻ 109840100209 | 19/01/2018 | 80/2018 dt 17/05/2018 | 11000 | (2/18 മുതൽ 11/18 വരെ 1100x10) |
| 4 | സൗമിനി .പി | വാർദ്ധക്യ കാല പെൻഷൻ (75വയസ്സിന് മുകളിൽ) 109840201354 | 20/05/2018 | 89/2018 dt 20/05/2018 | 21000 | (6/18 മുതൽ 07/19 വരെ 1500x14) |

| | | | | | | |
|---|---|---|---|---|---|---|
| 5 | കുഞ്ഞമ്മ | വാർദ്ധക്യ കാല പെൻഷൻ (75വയസ്സിന് മുകളിൽ) 109840202472 | 23/04/2018 | 92/2018 dt 04/06/2018 | 10500 | (5/18 മുതൽ 11/18 വരെ 1500x7) |
| 6 | ആമിന | വാർദ്ധക്യ കാല പെൻഷൻ (75വയസ്സിന് മുകളിൽ) 109840201442 | 02/06/2018 | 111/2018 dt 03/07/2018 | 15000 | (7/18 മുതൽ 4/19 വരെ 1500x10) |
| 7 | പോക്കർ | വാർദ്ധക്യ കാല പെൻഷൻ 109840200771 | 26/06/2018 | 116/2018 dt 10/07/2018 | 14700 | (7/18 മുതൽ7/19 വരെ 1100x9 1200x4) |
| 8 | നഫീസ | വിധവാ പെൻഷൻ 109840600168 | 29/09/2018 | 163/2018 dt 05/10/2018 | 11400 | (10/18 മുതൽ7/19 വരെ 1100x6 1200x4) |
| 9 | കുഞ്ഞി പ്പാത്തുട്ടി | വിധവാ പെൻഷൻ 109840600644 | 12/09/2018 | 172/2018 dt 11/10/2018 | 7800 | (10/18 മുതൽ4/19 വരെ 1100x6 1200x1) |
| 10 | പാത്തുമ്മ ക്കുട്ടി | വാർദ്ധക്യ കാല പെൻഷൻ (75വയസ്സിന് മുകളിൽ) 109840201771 | 27/09/2018 | 178/2018 dt 25/10/2018 | 10500 | (10/18 മുതൽ 4/19 വരെ 1500x7) |
| 11 | കുഞ്ഞാലൻ കുട്ടി.സി.പി | വാർദ്ധക്യ കാല പെൻഷൻ (75വയസ്സിന് മുകളിൽ) 109840201889 | 22/10/2018 | 189/2018 dt 08/11/2018 | 1100 | (11/18 1100x1) |
| 12 | കുഞ്ഞി ക്കോയ | വാർദ്ധക്യ കാല പെൻഷൻ (75വയസ്സിന് മുകളിൽ) 109550201018 | 05/11/2018 | 196/2018 dt 21/11/2018 | 12000 | (12/18 മുതൽ 7/19 വരെ 1500x8) |
| 13 | കുഞ്ഞാത്തു. | വാർദ്ധക്യ കാല പെൻഷൻ 109840201828 | 19/10/2018 | 201/2018 dt 12/12/2018 | 10300 | (11/18 മുതൽ 7/19 വരെ 1100x5 1200x4) |
| | ആകെ | | | | 153900 | |

അനർഹമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നത് വരെ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 10 തിയ്യതി 17/01/2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-5 ഇൻവോയ്സ് പ്രകാരമുള്ള ഭക്ഷ്യധാന്യം ലഭ്യമായില്ല- 2419 രൂപ തിരിച്ചടവാക്കേണ്ടതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പൂരക പോഷകാഹാര പദ്ധതിയിൽ ഇൻവോയ്സ് നമ്പർ 41/18.1.19 പ്രകാരം വാങ്ങിയ ഭക്ഷ്യധാന്യങ്ങളിൽ ഇൻവോയ്സ് പ്രകാരം 369 കി.ഗ്രാം ചെറുപയറിന് കി.ഗ്രാമിന് 59 രൂപ നിരക്കിൽ 21771 രൂപ നൽകിയിട്ടുണ്ട്. (ചെക്ക് നമ്പർ 24264/25.3.19 ആകെ തുക 436486 രൂപ. സ്റ്റോക്ക് രജിസ്റ്റർ പേജ് 146 ലും സൈറ്റിൽ ഇറക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരവും 328 കി.ഗ്രാം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 41 കി.ഗ്രാം ചെറുപയറിന്റെ വിലയായ 2419 രൂപ തിരിച്ചടവാക്കി അറിയിക്കേണ്ടതാണ്..

ഓഡിറ്റ് എൻക്വയറി നമ്പർ 13 /17.1.20 ആയി നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം. തിയ്യതി |
|---|---|---|
| 2018-19 | 08.08.2019 മുതൽ 09.08.2019 വരെ | കെ.എസ്.എ.എം.പി.എം. 17/1905/19 തിയ്യതി 24.08.19 |

## 4-2 സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

<u>സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം 2018-19</u>

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി നം.പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 42500 | 25, ഹരിതം തിരുന്നാവായ വിഷവിമുക്ത പച്ചക്കറി ഗ്രാമം | 42500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 425000 | 31, നെൽകൃഷി വിത്ത് വിതരണവും കൂലിചെലവ് സബ്സിഡിയും | 425000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 106-ഗൃഹ കേന്ദ്രീകൃത സാന്ത്വന പരിചരണം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 400000 | 52, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | 127, അഗതി രഹിത കേരളം | 100000 | 0 |
| ആകെ | 1167500 | | 1167500 | 0 |
| ജില്ലാ പഞ്ചായത്ത് | 1891000 | 29, ലൈഫ് പി.എം.എ.വൈ-ജനറൽ | 1890000 | 1000 |
| ജില്ലാ പഞ്ചായത്ത് | 725400 | 62, ലൈഫ് പി.എം.എ.വൈ-എസ്.സി | 717800 | 7600 |
| ജില്ലാ പഞ്ചായത്ത് | 400000 | 52, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 400000 | 0 |
| ആകെ | 3016400 | | 3007800 | 8600 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

<u>11. ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ 2018-19</u>

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 107-ാം നമ്പർ അംഗൻവാടി കുഴൽ കിണർ നിർമ്മാണം | M.G. (N.R)/ 27.03.19 | 42050 | 42050 | പൂർത്തീകരിച്ച | 0 |
| കെ.എസ്ഇ.ബി | പൊതു നിരത്തുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ₹.189259 ചെ.നം. 2963526/ 11.03.19 ₹.28278 ചെ.നം. 2963580/ 29.03.19 | 217537 | 217537 | പൂർത്തീകരിച്ച | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷന് | | 11600000 | ഇല്ല | ഇല്ല | ഇല്ല | 11600000 |

# 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 55,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 55,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | 2000 | 1436 തീയതി 27.07.1987 |
| മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ്, കുറ്റിപ്പുറം | 50000 | 258 തീയതി.3.81996 |
| | | |

| | | |
|---|---|---|
| മലപ്പുറം ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ | 3000 | 045 തീയതി 09.01.1994 |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ *

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡികനം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം / ഖണ്ഡികനം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12,12-13 2(1) | 2014-15 | ഷോപ്പിംഗ് കോംപ്ലക്സ് | 26.05.2016 ന് ലേലം നടന്നു 01.07.2016 മുതൽ എഗ്രിമെന്റ് വെച്ചു |

# 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2006-07 | 2-9, 2-14 | വി കെ മോഹനകൃഷ്ണൻ, സെക്രട്ടറി | LF10407/ spl.cell/ scd1/12 dt 18-9-14 | 9536 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9536 |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2006-07 | 3-1 3-10 | വി.കെ. മോഹനകൃഷ്ണൻ, സെക്രട്ടറി | LF10407/ spl.cell/ scd1/12 | 40371 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 40371 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | 2006-07 | 3-8 | | LF10407/spl.cell/sc/d1/12 dt 17-6-15 | 4773 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4773 |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 116410834 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94124003 |
| വരവിനങ്ങളിലുള്ള നഷ്ടം | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 268195 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 842105 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 90720 | ജയശ്രീ.ബി<br>അസി.സെക്രട്ടറി |
| 3-2 | | 5498 | നിഖിൽ രാജ്<br>അസി.എഞ്ചിനീയർ |
| 3-3 | | 20016 | നിഖിൽ രാജ്<br>അസി.എഞ്ചിനീയർ |
| 3-5 | | 2419 | രശ്മി .എം.ടി<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | | 1,18,653 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 130733 | ഡോ.അനിൽ പിഷാരടി<br>മെഡിക്കൽ ഓഫീസർ |
| 1-22 | 385270 | ഡോ.അനിൽ പിഷാരടി<br>മെഡിക്കൽ ഓഫീസർ |
| 1-23 | 230000 | ഷീല.യു., സെക്രട്ടറി |
| 1-26 | 42050 | ഷീല.യു., സെക്രട്ടറി |
| 1-27 | 54052 | ഷീല.യു., സെക്രട്ടറി |

| | | |
|---|---|---|
| 1-28 | 1,55,713 | ഷീല.യു., സെക്രട്ടറി |
| ആകെ | 9,97,818 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക |
|---|---|
| 3-4 | 153900 |
| ആകെ | 153900 |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷീല.യു സെക്രട്ടറി | സെക്രട്ടറി, തിരുന്നാവായ ഗ്രാമ പഞ്ചായത്ത് | ഐശ്വര്യ പ്ലാന്തടത്തിൽ, സൗത്ത്പറവൂർ, എറണാകുളം, 682307 |
| ഡോ.അനിൽ പിഷാരടി മെഡിക്കൽ ഓഫീസർ | ഡോ.അനിൽ പിഷാരടി മെഡിക്കൽ ഓഫീസർ | ശ്രീവാരം, പോസ്റ്റ് പുലാമന്തോൾ 679323, മലപ്പുറം |
| നിഖിൽരാജ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ തിരുനാവായ ഗ്രാമ പഞ്ചായത്ത് | ചെറുവത്തേരി ഹൗസ്, പേരാമംഗലം. പി.ഒ, തൃശ്ശൂർ, 680545 |
| രശ്മി .എം.ടി ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, തിരുനാവായ ഗ്രാമ പഞ്ചായത്ത് | കണാഞ്ചേരി, വെട്ടം പി.ഒ, തിരൂർ 2,മലപ്പുറം ജില്ല |
| ജയശ്രീ. ബി അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, തിരുനാവായ ഗ്രാമ പഞ്ചായത്ത് | വൈശാഖ്, കുടവച്ചൂർ (പി.ഒ) വൈക്കം – 686144 കോട്ടയം ജില്ല |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1978-79 | എൽ.എഫ്.എം.7/1080/94 തിയ്യതി: 31.08.2004 | 2 | |
| | | | |

| | | | |
|---|---|---|---|
| 1979-80 | എൽ.എഫ്.എം.7/1081/94<br>തിയ്യതി: 31.08.2004 | 2 | |
| 1980-81 | എൽ.എഫ്.എം.7/1082/94<br>തിയ്യതി: 31.08.2004 | 3 | |
| 1982-83 | എൽ.എഫ്.എം.7/1084/94<br>തിയ്യതി: 31.08.2004 | 1 | |
| 1983-84 | എൽ.എഫ്.എം.7/1085/94<br>തിയ്യതി: 31.08.2004 | 8 | |
| 1984-85 | എൽ.എഫ്.എം.7/1086/94<br>തിയ്യതി: 31.08.2004 | 7 | |
| 1985-86 | എൽ.എഫ്.എം.7/1087/94<br>തിയ്യതി: 31.08.2004 | 10 | |
| 1986-87 | എൽ.എഫ്.എം.7/1088/94<br>തിയ്യതി: 31.08.2004 | 12 | |
| 1987-89 | എൽ.എഫ്.എം.7/1069/94<br>തിയ്യതി: 04.05.1994 | 17 | |
| 1989-91 | എൽ.എഫ്.എം.7/1084/94<br>തിയ്യതി: 06.02.1995 | 12 | |
| 1991-92 | എൽ.എഫ്.എം.7/1089/94<br>തിയ്യതി: 31.08.1994 | 7 | |
| 1992-94 | എൽ.എഫ്.എം.5/720/97<br>തിയ്യതി 5.3.98 | 7 | |
| 1994-96 | എൽ.എഫ്.എം.5/868/99<br>തിയ്യതി 5.10.99 | 4 | |
| 1996-97 | എൽ.എഫ്.എം.5/11/99<br>തിയ്യതി 9.11.99 | 1 | |
| 1997-98 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2375/07<br>തിയ്യതി 6.2.09 | 1 | |
| 1998-99 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2376/07<br>തിയ്യതി 6.2.09 | 1 | |
| 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2373/07<br>തിയ്യതി 6.2.09 | 4 | |
| 1997-98 മുതൽ 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.16/1617/07<br>തിയ്യതി 28.9.05 | 23 | |
| 2000-01 | എൽ.എഫ്.എം.7/2374/07 | 10 | |

| | | | |
|---|---|---|---|
| | തിയ്യതി 6.2.09 | | |
| 2001-02 | എൽ.എഫ്.എം.7/2378/07<br>തിയ്യതി 25.3.09 | 9 | |
| 2002-03 | എൽ.എഫ്.എം.7/2379/07<br>തിയ്യതി 25.3.09 | 4 | |
| 2003-04 | എൽ.എഫ്.എം.7/2380/07<br>തിയ്യതി 25.3.09 | 14 | |
| 2004-05 | എൽ.എഫ്.എം.14/2215/08<br>തിയ്യതി 25.3.09 | 16 | |
| 2005-06 | എൽ.എഫ്.എം.14/258/09/09<br>തിയ്യതി 27.6.09 | 16 | |
| 2006-07 | എൽ.എഫ്.എം.14/259/09/09<br>തിയ്യതി 18.7.09 | 49 | |
| 2007-08 | എൽ.എഫ്.എം.14/260/09/09<br>തിയ്യതി 18.7.09 | 42 | |
| 2008-09,<br>2009-10,<br>2010-11 | എൽ.എഫ്.എം.17/201/2013<br>തിയ്യതി 8.4.13 | 25 | |
| 2011-12,<br>2012-13 | എൽ.എഫ്.എം.17/1357/2014 | 19 | |
| 2013-14,<br>2014-15 | എൽ.എഫ്.എം.17/1357/2014 | 18 | |
| 2015-16 | കെ.എസ്.എ.എം.പി.എം.17/3282/2016 | 16 | |
| 2016-17 | കെഎസ്എ എംപിഎം 17/2242/2017<br>തിയതി 22.11.2017 | 13 | |
| 2017-18 | നം.കെ.എസ്.എ.എം.പി.എം17/224/2019<br>തിയതി 0.02.19 | 13 | |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.17/1905/19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ:dompm.ksad@kerala.gov.in


തീയ്യതി 24-08-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ

കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്